ഉത്തരം

(എ) ഇല്ല. എന്നാൽ വില്ലേജുകൾതോറും യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഗവൺമെൻറ് നടപടികൾ എടുത്തിട്ടുണ്ട്.

(ബി) 850.

(സി) വില്ലേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) യൂത്ത് ക്ലബ്ബുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വേണ്ട എല്ലാ സഹായങ്ങളും നൽകാൻ അതാതു എ. ഇ. ഒ. യുടെ കീഴിലുള്ള അസിസ്റ്റൻറ് യൂത്ത് വെൽഫെയർ ആഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഓർഗനൈസർ ഫോർ യൂത്ത് ക്ലബ്ബ്സ് ഇക്കാര്യത്തിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. രജിസ്റ്റർ ചെയ്ത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെൻറ് ഗ്രാൻറു നൽകുന്നുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനം

541. [741] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ നിയമനം പി. എസ്. സിയ്ക്ക് വിടുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

യൂണിവേഴ്സിറ്റികളിലെ നിയമനം പി. എസ്. സി. യിലേക്ക് വിടാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

542. [742] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ നിലവിലുള്ള എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകളെത്രയാണെന്നു വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് ക്ലാർക്കുമാരില്ലാത്തതു കാരണം ഫയലുകൾ കെട്ടിക്കിടക്കുകയാണെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി. എസ്. സി. റാങ്കു ലിസ്റ്റ് നിലവിലിരിക്കെ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താതിരിക്കുന്നതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) 7.

(ബി) ഫയൽ കെട്ടിക്കിടക്കുന്നു എന്നു പറയുന്നതു ശരിയല്ല.

(സി) ഒഴിവുകൾ പി. എസ്. സിക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പി. എസ്. സി. യിൽ നിന്ന് അഡ്വൈസ് കിട്ടുന്മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly